പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.682 28/02/2017-ൽ മറുപടിക്ക്

**തൃക്കളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്**

| | ചോദ്യം<br><br>**ശ്രീ. എൽദോ എബ്രഹാം** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മൂവാറ്റുപുഴ നിയമസഭാ മണ്ഡലത്തിലെ തൃക്കളത്തൂർ കേന്ദ്രമാക്കി ഒരു പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. വെള്ളൂർക്കുന്നം, വളയൻചിറങ്ങര എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് തൃക്കളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ കെ.എസ്.ഇ. ബി.എൽ പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000 ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000 ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വെള്ളൂർക്കുന്നം, വളയൻചിറങ്ങര എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷൻ ഓഫീസുകൾ വിഭജിച്ച് തൃക്കളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നത് ഇപ്പോൾ കെ.എസ്.ഇ. ബി.എൽ ന്റെ പരിഗണനയിലില്ല. |
| (ബി) | ഉപഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധനവ് കണക്കിലെടുത്ത് തൃക്കളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ